**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5981** **25-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് നിബന്ധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലാ സഹകരണബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിന് റിസർവ് ബാങ്ക് അനുമതി നൽകിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | **റിസർവ് ബാങ്കിന്റെ 03.10.2018 ലെ DCBR.CO.RCBD.NO.1007/19.51.007/2018-19 നമ്പർ കത്ത് പ്രകാരം കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡുമായി (KStCB) ലയിപ്പിക്കുന്നതിന് "തത്വത്തിൽ" അനുമതി നൽകിയിരുന്നു. തുടർന്ന് മലപ്പുറം ജില്ല സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുന്നതിനുള്ള അന്തിമ അനുമതി റിസർവ് ബാങ്കിന്റെ 07.10.2019-ലെ DCBR.CO.RCBD No.1015/19.51.007/2019-20 നമ്പർ കത്ത് പ്രകാരം ലഭിച്ചിരുന്നു. ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്ക് മുന്നോട്ടുവെച്ച നിബന്ധനകൾ ഉൾക്കൊള്ളുന്ന പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. ബാങ്കിന്റെ ബൈലായിൽ ഭേദഗതി വരുത്തി നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് 'കേരള ബാങ്ക്' എന്ന ബ്രാൻഡ് നാമത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക് രൂപീകരണത്തിന് പ്രാഥമിക അനുമതി നൽകിയ വേളയിലെ നിബന്ധനകളിൽ പൂർത്തിയാക്കാൻ അവശേഷിച്ചിരുന്നത് ലയിപ്പിക്കപ്പെട്ട ബാങ്കുകളുടെ ഓഹരി മൂലധനം അതാത് ബാങ്കുകളുടെ നെറ്റ് വർത്ത് കണക്കാക്കി പുനർ നിർണ്ണയിക്കണം എന്ന വ്യവസ്ഥ (സ്വാപ്പ് അനുപാതം) സംബന്ധിച്ചായിരുന്നു. സ്വാപ്പ് അനുപാതം സംബന്ധിച്ച വ്യവസ്ഥ റിസർവ് ബാങ്ക് ഒഴിവാക്കി നൽകിയിട്ടുണ്ട്. ലയിക്കപ്പെട്ട ശാഖകൾക്ക് റിസർവ് ബാങ്കിന്റെ ലൈസൻസ് ലഭിച്ചിട്ടുണ്ട്.** |
| (ബി) | ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്ക് മുന്നോട്ടുവെച്ച നിബന്ധനകൾ എന്തൊക്കെയായിരുന്നു; ഏതൊക്കെ | (ബി) | **റിസർവ് ബാങ്കിന്റെ 03.10.2018 ലെ DCBR.CO.RCBD.NO.1007/19.51.007/2018-19 നമ്പർ കത്ത് പ്രകാരം കേരളത്തിലെ 14 ജില്ലാ** |

| | | | |
|---|---|---|---|
| | നിബന്ധനകൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ? | | **സഹകരണ ബാങ്കുകളെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡുമായി (KStCB) ലയിപ്പിക്കുന്നതിന് "തത്വത്തിൽ" അനുമതി നൽകിയിരുന്നു. തുടർന്ന് മലപ്പുറം ജില്ല സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുന്നതിനുള്ള അന്തിമ അനുമതി റിസർവ് ബാങ്കിന്റെ 07.10.2019-ലെ DCBR.CO.RCBD No.1015/19.51.007/2019-20 നമ്പർ കത്ത് പ്രകാരം ലഭിച്ചിരുന്നു. ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്ക് മുന്നോട്ടുവെച്ച നിബന്ധനകൾ ഉൾക്കൊള്ളുന്ന പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. ബാങ്കിന്റെ ബൈലായിൽ ഭേദഗതി വരുത്തി നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് 'കേരള ബാങ്ക്' എന്ന ബ്രാൻഡ് നാമത്തിൽ പ്രവർത്തിച്ചു വരുന്നു.**<br><br>**കേരള സംസ്ഥാന സഹകരണ ബാങ്ക് രൂപീകരണത്തിന് പ്രാഥമിക അനുമതി നൽകിയ വേളയിലെ നിബന്ധനകളിൽ പൂർത്തിയാക്കാൻ അവശേഷിച്ചിരുന്നത് ലയിപ്പിക്കപ്പെട്ട ബാങ്കുകളുടെ ഓഹരി മൂലധനം അതാത് ബാങ്കുകളുടെ നെറ്റ് വർത്ത് കണക്കാക്കി പുനർ നിർണ്ണയിക്കണം എന്ന വ്യവസ്ഥ (സ്വാപ്പ് അനുപാതം) സംബന്ധിച്ചായിരുന്നു. സ്വാപ്പ് അനുപാതം സംബന്ധിച്ച വ്യവസ്ഥ റിസർവ് ബാങ്ക് ഒഴിവാക്കി നൽകിയിട്ടുണ്ട്. ലയിക്കപ്പെട്ട ശാഖകൾക്ക് റിസർവ് ബാങ്കിന്റെ ലൈസൻസ് ലഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ